(സി) ഈ മീറ്ററിന്റെ ഫലമായി 2859 വ്യാപാരാന്വേഷണങ്ങൾ ലഭിക്കുകയുണ്ടായി. തുടർന്ന് 6—8 കോടി രൂപയ്ക്കുള്ള ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതിൽ 93 എണ്ണത്തിന് ഓർഡർ ലഭിച്ചു. ഇപ്പോൾ 772 എണ്ണം വിവിധ ഘട്ടങ്ങളിലാണ്.

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

*10 [322] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ജയരാജൻ:
,, മത്തായി ചാണ്ടി:
,, പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത രംഗത്ത് പൊതുമേഖലയും സ്വകാര്യ മേഖലയും തമ്മിൽ ഉള്ള അതിർവരമ്പുകൾ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വിശദമാക്കാമോ;

(ബി) ഇത്തരമൊരു നിർദ്ദേശം എ.ഡി.ബി.-യിൽ നിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എ.ഡി.ബി. നിർദ്ദേശം വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ മൂലധന നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് പൊതുമേഖലയിൽ ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ തയ്യാറാവുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി, സി) ഇക്കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

അങ്കമാലിയിലെ ടെൽക്കിന്റെ സ്വകാര്യവൽക്കരണം

*11 [323] ശ്രീ. എ. സി. മൊയ്തീൻ:
,, കെ. രാധാകൃഷ്ണൻ:
,, വി. കെ. മന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ടെൽക്കിന്റെ 2003-04-ലെ ലാഭം എത്രയാണെന്ന് പറയാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് 'അരെവ' എന്ന ഫ്രഞ്ചു കമ്പനിയുമായി സർക്കാർ എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്ന നടപടി നിറുത്തിവെയ്ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

LIBRARY ARCHIVES Kerala Legislative Assembly

(എ) ടെൽക്കിന്റെ ഓപ്പറേറ്റിംഗ് പ്രോഫിറ്റ് 2003-04-ൽ 651.88 ലക്ഷം രൂപയാണ്. കമ്പനിയുടെ സഞ്ചിതനഷ്ടം 5758.19 ലക്ഷം രൂപയും Net worth (—) 1461.23 ലക്ഷം രൂപയുമാണ്.

(ബി) കഴിഞ്ഞ പത്ത് വർഷമായി ടെൽക്ക് ബി.ഐ.എഫ്.ആർ.-ന്റെ പരിധിയിലാണ്. നൂതന സാങ്കേതിക വിദ്യയും നിലവിലുള്ള പഴയ യന്ത്ര സാമഗ്രികളും മറ്റ് ഉൽപ്പാദനോപാധികളും നവീകരിക്കുകയും ചെയ്തൽ മാത്രമേ ടെൽക്കിന് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വൻതോതിൽ മുടക്കുമുതൽ ആവശ്യമാണ്. എന്നിരുന്നാലും ആധുനിക ടെക്നോളജി ഇല്ലാതെ ടെൽക്കിന് നിലനിൽക്കുവാൻ കഴിയില്ല. അതിനുവേണ്ടി ഒരു സ്ട്രാറ്റജിക് പാർട്ണറെ കണ്ടത്തേണ്ടതുണ്ട്. ടെൽക്കിനെ എസ്.ബി.ഐ.-യുടെ സഹായത്തോടെ സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് തന്നെ ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശമുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരെ സർക്കാർ ഡൽഹി ഹൈക്കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബി.ഐ.എഫ്. ആർ.-ന്റെ അന്തിമവിധിയായിട്ടില്ല. ടെൽക്കിന് മെച്ചപ്പെട്ട സാങ്കേതികവിദ്യ വേണമെന്നതുകൊണ്ടും, സർക്കാരിൽനിന്നും വലിയ സാമ്പത്തിക സഹായം ലഭ്യമാക്കാൻ സാഹചര്യമില്ലാത്തതുകൊണ്ടുമാണ് ടെൽക്കിന് ഒരു സാങ്കേതിക പങ്കാളിയെ തേടാൻ സർക്കാർ ആലോചിക്കുന്നത്.

(സി) 'അരേവ' ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കമ്പനിയിലെ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി.

(ഡി) ഒരു സ്ട്രാറ്റജിക് പാർട്ണറെ ഇല്ലാതെ ടെൽക്കിന് സ്വയം നിലനിൽക്കാൻ കഴിയില്ല. കൂടാതെ ടെൽക്കിന് അധിക സാമ്പത്തിക സഹായം നൽകാനും സർക്കാരിന് കഴിയില്ല.

അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കുന്നതിന് നടപടി

*12 [324] ശ്രീ. എം. കുമാരൻ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ നശിച്ചുപോകാതെ നിലനിർത്തുന്നതിനും തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റുമായി സംസ്ഥാനത്ത് സന്ദർശനം നടത്തിയ പാർലമെന്റ് പ്രതിനിധി സംഘം എന്തെങ്കിലും ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ടോ;

(സി) അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly